**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5964** **25-03-2025 - ൽ മറുപടിയ്ക്ക്**

**സഹകരണ വിപണന സ്റ്റോറുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ സംഘങ്ങൾ മുഖേന നിത്യോപയോഗ സാധനങ്ങൾ വിലകുറച്ച് ലഭ്യമാക്കുന്നതിന് സഹകരണ വിപണന സ്റ്റോറുകൾ ആരംഭിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (എ) | സഹകരണ സംഘങ്ങൾ ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾ ഉപഭോക്താക്കൾക്ക് ന്യായവിലയിൽ ലഭ്യമാക്കുന്നതിനായി കൊല്ലം ജില്ലയിലൊഴികെ 13 ജില്ലകളിലായി 54 കോപ്പ് മാർട്ടുകൾ നിലവിൽ ആരംഭിച്ചിട്ടുണ്ട്. കൂടാതെ, സംസ്ഥാനത്ത് പ്രാഥമിക സഹകരണ സംഘങ്ങൾ നടത്തുന്ന നീതി സ്റ്റോറുകൾ, കൺസ്യൂമർ ഫെഡറേഷന്റെ ത്രിവേണികൾ എന്നിവ മുഖേന നിത്യോപയോഗ സാധനങ്ങൾ വിലകുറച്ച് വിൽപന നടത്തിവരുന്നുണ്ട്. |
| (ബി) | ഉത്സവകാലത്ത് പ്രവർത്തിക്കുന്ന സഹകരണ ചന്തകൾ മുഴുവൻ സമയവും പ്രവർത്തിപ്പിച്ച് വിപണി ഇടപെടൽ സാധ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) | ഉത്സവകാലത്ത് പൊതുവിപണിയിൽ ഉണ്ടാകുന്ന ക്രമാതീതമായ വിലക്കയറ്റം തടയുന്നതിന് സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ കൺസ്യൂമർ ഫെഡ് മുഖേന പ്രാഥമിക സഹകരണ സംഘങ്ങളെ കൂട്ടിയോജിപ്പിച്ചു കൊണ്ട് നിശ്ചിത ദിവസങ്ങളിൽ താല്ക്കാലിക ഉത്സവ വിപണികൾ നടത്തിവരുന്നു. ആയതിന് സർക്കാർ ബഡ്ജറ്റിൽ "ഉത്സവകാല ചന്തകൾ സംഘടിപ്പിക്കുന്നതിന് സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം" എന്ന ശീർഷകത്തിൽ തുക വകയിരുത്തുന്നുണ്ട്. തൻവർഷവും ഉത്സവകാലത്ത് താല്ക്കാലിക ഉത്സവ വിപണികൾ നടത്തുന്നതിനായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. ഉത്സവകാലത്ത് പ്രവർത്തിക്കുന്ന സഹകരണ ചന്തകൾ മുഴുവൻ സമയവും പ്രവർത്തിപ്പിക്കുന്ന കാര്യം നിലവിൽ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ